# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.8/933/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 31/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.8/933/2021 തീയ്യതി: 31/01/2022

## കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. നാരായണ കമ്മത്ത് പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-12-2021 | 30-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-12-2021 | 30-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)വിനീത് കുമാർ.കെ.പി, ഓഡിറ്റ് ഓഫീസർ
2)രഘുനാഥൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3)ജെനു കുര്യാക്കോസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4)കെ.സി.കുഞ്ഞികൃഷ്ണൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5)അരുൺ ദേവ്.വി.ആർ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.എം.ഗൗരി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| ശ്രീ.കെ.മണികണ്ഠൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എസ്.സോളമൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ഉമേഷ്.എൻ | അസി.എക്സി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ.വൈശാഖ്.ബി | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സലില.എം | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 15-09-2020 |
| ശ്രീമതി.ബേബി.പി | ശിശു വികസന പദ്ധതി ഓഫീസർ | 16-09-2020 | 31-03-2021 |
| ശ്രീമതി.പി.മിനി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.എ.ടി.രാജ് മോഹൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.പെരിയ | 01-04-2020 | 31-03-2021 |
| ശ്രീ.ബാബു.എ | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മേരി പുഷ്പ ജയന്തി | ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 01-04-2020 | 06-09-2020 |
| ശ്രീമതി.ഷൈനി എെസെക് | ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 07-09-2020 | 31-03-2021 |
| ശ്രീ.അശോകൻ.എൻ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.മനോഹരൻ.വി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ബാബുരാജ്.ജി | അസി.ഡയറക്ടർ കൃഷി | 01-04-2020 | 09-06-2020 |
| ശ്രീമതി.ആർജ്ജിത പി.വി (ഇൻചാർജ്) | അസി.ഡയറക്ടർ കൃഷി | 10-06-2020 | 21-06-2020 |
| ശ്രീമതി.സ്മിത ഹരിദാസ്.കെ | അസി.ഡയറക്ടർ കൃഷി | 22-06-2020 | 05-10-2020 |
| ശ്രീമതി.ആർജ്ജിത പി.വി (ഇൻചാർജ്) | അസി.ഡയറക്ടർ കൃഷി | 06-10-2020 | 20-10-2020 |
| ശ്രീമതി.സ്മിത ഹരിദാസ്.കെ | അസി.ഡയറക്ടർ കൃഷി | 21-10-2020 | 30-10-2020 |
| ശ്രീ.ജോർജ്.കെ.കെ(ഇൻചാർജ്) | അസി.ഡയറക്ടർ കൃഷി | 31-10-2020 | 10-11-2020 |
| ഡോ.ഷീബ.പി.ടി | അസി.ഡയറക്ടർ കൃഷി | 11-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-1 |
| 2 | ധനകാര്യ പത്രിക പരിശോധന<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-2 |
| 3 | ഡിപ്രീസിയേഷൻ തുക കണക്കാക്കിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-2-1 |
| 4 | വാടക ഇനത്തിലെ ഡി.സി.ബി ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 30-12-2021) | 1-2-2 |
| 5 | മറ്റ് അഡ്വാൻസ് ഇനത്തിലേ നിലനിൽക്കുന്ന തുകയുടെ വിശദാംശം/രേഖകൾ ലഭ്യമല്ല<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 1-2-3 |
| 6 | വാടക ഇനത്തിൽ ഈടാക്കാനുള്ള തുക സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 30-12-2021) | 1-2-4 |
| 7 | ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-2-5 |
| 8 | മുൻകൂർ തുകകളുടെ രേഖകൾ ലഭ്യമല്ല<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-2-6 |
| 9 | അഡ്വാൻസ് ഇനത്തിലെ നീക്കിയിരിപ്പ് ധനകാര്യ പത്രികയിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 1-2-7 |
| 10 | റീക്കൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-2-8 |
| 11 | സംയുക്ത പദ്ധതിക്ക് ലഭിച്ച തുകയുടെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 31-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-2-9 |
| 12 | സാമ്പത്തിക വിശകലനം<br>Written By: Arun Dev V.R (Senior Grade Auditor, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-3 |
| 13 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-4 |
| 14 | പദ്ധതി അവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 27-12-2021) | 1-6 |
| 16 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 27-12-2021) | 1-7 |
| 17 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Priyesh M.K (Computer Assistant, On 29-01-2022) | 1-9 |

| | | |
|---|---|---|
| 19 | ഡെപ്പോസിറ്റിനത്തിൽ ലഭിച്ച തുക വർഷങ്ങളായി നിലനിൽക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 1-10 |
| 20 | വാടക ഇനത്തിൽ ഈടാക്കാനുള്ള തുക സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-11 |
| 21 | മുൻകൂർ തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-12 |
| 22 | വയോജന സൗഹൃദ ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ പദ്ധതി - അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 31-12-2021)<br>Last Updated By: Priyesh M.K (Computer Assistant, On 29-01-2022) | 1-13 |
| 23 | വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി- പട്ടികവർഗ്ഗം -2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 30-12-2021)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 1-14 |
| 24 | സാമൂഹ്യസുരക്ഷാ മിഷന് വിഹിതം കൈമാറൽ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 30-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-15 |
| 25 | യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 30-12-2021)<br>Last Updated By: Priyesh M.K (Computer Assistant, On 29-01-2022) | 1-16 |
| 26 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പെരിയ -പദ്ധതി ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Raghunadhan. K (Asst. Audit Officer, On 30-12-2021)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 1-17 |
| 27 | ഇ-ടെണ്ടർ- ബിഡ് സമർപ്പണഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Vineeth Kumar K.P (Audit Officer, On 01-01-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-01-2022) | 1-18 |
| 28 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 31-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 1-19 |
| 29 | ക്ഷീര സമൃദ്ധി പദ്ധതി - തനത്ഫണ്ട് വിഹിതം ചെലവഴിച്ചിട്ടില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 1-20 |
| 30 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപെടാത്ത മേഖലകളിൽ പദ്ധതികൾ നടപ്പാക്കി.<br>Written By: Vineeth Kumar K.P (Audit Officer, On 01-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 1-21 |
| 31 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല<br>Written By: Vineeth Kumar K.P (Audit Officer, On 01-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 1-22 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-01-2022) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 29-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Vineeth Kumar K.P (Audit Officer, On 29-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Vineeth Kumar K.P (Audit Officer, On 29-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 29-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി ഇനത്തിൽ 2020-21 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 29-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 29-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-12-2021)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 31-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Priyesh M.K (Computer Assistant, On 29-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Vineeth Kumar K.P (Audit Officer, On 27-12-2021)<br>Last Updated By: Priyesh M.K (Computer Assistant, On 29-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | നം. 01<br>തിയതി 12.03.2020 | റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല. |
| മുന്നിരിപ്പ് | 88,78,236 | |
| വരവ് | 41,78,85,000 | |
| ആകെ | 42,67,63,236 | |
| ചെലവ് | 42,18,27,000 | |
| നീക്കിയിരിപ്പ് | 49,36,236 | |

### 1-2 ധനകാര്യ പത്രിക പരിശോധന

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ഡിപ്രീസിയേഷൻ തുക കണക്കാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിൽ ചുവടെ പറയുന്ന ഇനങ്ങൾക്ക് മുൻ വർഷത്തിൽ നിന്നും യാതൊരു കുറവും രേഖപ്പെടുത്തിയിട്ടില്ല.

| ഇനം, കോഡ് | 2019-20 ൽ രേഖപ്പെടുത്തിയ തുക | 2020-21 ൽ രേഖപ്പെടുത്തിയിട്ടുള്ള തുക |
|---|---|---|
| റോഡ്, ബ്രിഡ്ജ് (411300101) | 5985974 | 5985974 |
| പ്ലാന്റ്, മെഷീനറി (411400101) | 1189464 | 1189464 |

മേൽ ഇനങ്ങൾക്ക് ഒരേ തുക ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിനുള്ള കാരണം, ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/20-21, 22.12.2021 ന് മറുപടി ലഭിച്ചിട്ടില്ല.

### 1-2-2 വാടക ഇനത്തിലെ ഡി.സി.ബി ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൽ തൻ വർഷ വാടകതുക ഇനത്തിലെ ഡി.സി.ബി പൊരുത്തപ്പെടുന്നില്ല.

| 2020-21 I3 പ്രകാരം ഡിമാന്റ് തുക | 2020-21 RP 43 പ്രകാരം കളക്ഷൻ തുക | 2019-20ൽ അഡ്വാൻസായി ലഭിച്ചത് | 2020-21 B15 പ്രകാരം ബാലൻസ് തുക | ബാലൻസായി വരേണ്ടിയിരുന്ന തുക |
|---|---|---|---|---|

| (1) | (2) | (3) | | (1)-(2)-(3) |
|---|---|---|---|---|
| 338000 | 258000 | 0 | 74000 | 80000 |

1-2-3 മറ്റ് അഡ്വാൻസ് ഇനത്തിലെ നിലനിൽക്കുന്ന തുകയുടെ വിശദാംശം/രേഖകൾ ലഭ്യമല്ല

മറ്റ് അഡ്വാൻസ് ഇനത്തിൽ 27075/-രൂപ ക്രമീകരിക്കാനുള്ളതായി കാണുന്നു. എന്നാൽ ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ B18 ഷെഡ്യൂൾ പ്രകാരം 23128 രൂപയും ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ 110128/-രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2018-19 ൽ 23128/-രൂപ മുൻബാക്കിയായി എടുത്തുക്കൊണ്ടാണ് കണക്കാക്കിയിട്ടുള്ളത്. ഈ വ്യത്യാസം സംബന്ധിച്ച വിശദീകരണം, അനുബന്ധ രേഖകൾ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 05/20-21, 22.12.2021 ന് മറുപടി ലഭിച്ചിട്ടില്ല.

1-2-4 വാടക ഇനത്തിൽ ഈടാക്കാനുള്ള തുക സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിൽ ചുവടെ പറയുന്ന തുകകൾ ഈടാക്കാനുണ്ട്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | വാടക - തൻവർഷം | 74000 |
| 2 | വാടക - കുടിശ്ശിക | 38000 |
| | ആകെ | 112000 |

ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

1-2-5 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം B-9 ഷെഡ്യൂളിൽ ബാധ്യതയായി ചുവടെ പറയുന്ന തുക രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം, കോഡ് | തുക |
|---|---|
| പ്രോഗ്രാം / സ്കീം ചെലവുകൾ (350800119) | 64650 |

മേൽ തുക സംബന്ധിച്ച വിശദാംശം, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/20-21, 28.12.2021 ന് മറുപടി ലഭിച്ചിട്ടില്ല.

1-2-6 മുൻകൂർ തുകകളുടെ രേഖകൾ ലഭ്യമല്ല

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക B18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ടൂർ ട്രാവൽ അഡ്വാൻസ് | 2000 |
| 2 | മറ്റ് അഡ്വാൻസുകൾ | 27075 |
| 3 | നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് | 46664 |
| 4 | മറ്റുള്ളവർക്കു നൽകിയ അഡ്വാൻസ് | 52354 |
| | ആകെ | 128093 |

മേൽ തുകകൾ സംബന്ധിച്ച വിശദാംശം (ആർക്ക് നൽകിയത്, തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം), അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2-7 അഡ്വാൻസ് ഇനത്തിലെ നീക്കിയിരിപ്പ് ധനകാര്യ പത്രികയിൽ പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് നൽകിയതും ക്രമീകരിക്കാനുമുള്ള തുകകൾ ധനകാര്യപത്രികയിൽ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | 2019-20 B18 പ്രകാരം നീക്കിയിരിപ്പ് (1) | 2020-21 RP47 പ്രകാരം തൻ വർഷം നൽകിയത് (2) | 2020-21 RP47 പ്രകാരം തൻ വർഷം ക്രമീകരിച്ചത് (3) | 2020-21 B18 പ്രകാരം നീക്കിയിരിപ്പ് | (1)+(2)-(3) |
|---|---|---|---|---|---|
| മറ്റ് അഡ്വാൻസ് | 331481 | 497067 | 817340 | 27075 | 11208 |
| അഡ്വാൻസ് ടു അദേഴ്സ് | 42000 | 0 | 0 | 52354 | 42000 |
| നിർവ്വഹണ ഉദ്യോസ്ഥർക്ക നൽകിയ അഡ്വാൻസ് | 44728 | 165000 | 0 | 46664 | 209728 |

മേൽ അപാകതയ്ക്കുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/20-21, 29.12.2021 ന് മറുപടി ലഭിച്ചിട്ടില്ല.

1-2-8 റീക്കൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ ചുവടെ പറയുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പിലെ വ്യത്യാസം സംബന്ധിച്ച വിശദാംശം (റീക്കൺസിലിയേഷൻ പത്രിക) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | ബാങ്ക്, അക്കൗണ്ട് നമ്പർ | ധനകാര്യ പത്രിക B17 പ്രകാരം നീക്കിയിരിപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ്. |
|---|---|---|---|
| 1 | എൽ.ജി.ടി.എസ്.ബി തനത് ഫണ്ട് അക്കൗണ്ട്, അക്കൗണ്ട് നമ്പർ 799013000000946 | 994600 | 1000000 |
| 2 | സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നമ്പർ 42032010036781 | 629170 | 630045 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/20-21, 30.12.2021 ന് മറുപടി ലഭിച്ചിട്ടില്ല.

1-2-9 സംയുക്ത പദ്ധതിക്ക് ലഭിച്ച തുകയുടെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

സംയുക്ത പദ്ധതിക്കായി ചുവടെ പറയുന്ന തുകകൾ ലഭിച്ചിട്ടുണ്ട്.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ | 5104000 | 1) | 500400 | 100000 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | പിഎം.എ.വൈ 2) സാന്ത്വനം | | |

ഓഡിറ്റ് എൻക്വയറി 06/20-21, 22.12.2021 ന് മേൽ പ്രകാരം 100000/- രൂപ നീക്കിയിരിപ്പുള്ളതായി മറുപടിയായി ലഭിച്ചിട്ടുണ്ട്.
എന്നാൽ 2020-21 ധനകാര്യ പത്രികയിൽ B4 ഷെഡ്യൂളിൽ മേൽ തുക നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 12216811 |
| വരവ് | 68490878 |
| ആകെ | 80707689 |
| ചെലവ് | 75985348 |
| നീക്കിയിരിപ്പ് | 4722341 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 33969752 | 33969752 | 33906732 | 63020 | 99.81 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3667722 | 3667722 | 3667722 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5973022 | 5973022 | 4792423 | 1180599 | 80.23 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5927435 | 5927435 | 5927435 | 0 | 100 |

വികസനഫണ്ട് പൊതുവിഭാഗം, വികസനഫണ്ട് ടി.എസ്.പി. എന്നീയിനങ്ങളിലെ തുകകൾ പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ ലാപ്സായിപോയി.

ഫണ്ട് വിനിയോഗം രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 33906732 | 33906732 | 33906732 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3667722 | 3667722 | 3667722 | 0 |
| വികസനഫണ്ട് | 0 | 4792423 | 4792423 | 4792423 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി. | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5927435 | 5927435 | 5927435 | 0 |
| SBI E-TENDER A/C | 0 | 83814 | 83814 | 11481 | 72333 |
| * ട്രഷറി തനത് ഫണ്ട്,ജനറൽ പർപ്പസ് ഫണ്ട് | 8352957 | 67082538 | 75435495 | 74440895 | 994600 |
| Treasury Account COVID | 0 | 140021 | 140021 | 145361 | -5340 |
| TSB IAY Life Mission | 13817 | 0 | 13817 | 0 | 13817 |
| സിൻഡിക്കേറ്റ് ബാങ്ക് മിസലേനിയസ് | 608948 | 28487 | 637435 | 8265 | 629170 |
| IAYപ്ലാൻ എസ്.ബി.ഐ | 49818 | 254214 | 304032 | 252846 | 51186 |
| IAYസംസ്ഥാന വിഹിതം യൂണിയൻ ബാങ്ക് | 30380 | 943 | 31323 | 0 | 31323 |
| IAYപ്ലാൻ യൂണിയൻ ബാങ്ക് | 196510 | 2446 | 198956 | 185492 | 13464 |
| MGNREGA PNB 42667 | 255266 | 709667 | 964933 | 847100 | 117833 |
| TSC- കെ.ജി.ബി | 2709115 | 188748 | 2897863 | 93908 | 2803955 |

* ട്രഷറി TSB അക്കൗണ്ട് (A/c.N0.720041400000006) 05.06.2020 ൽ (Go.Letter No.1492388/24.04.2020 ) ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുകയായ 7892673/-രൂപ പുതുതായി ആരംഭിച്ച LGTSB തനത് ഫണ്ട് അക്കൗണ്ടിലേക്ക് (A/c.N0.799013000000946) ട്രാൻഫർ ചെയ്തു. ( റഫറൻസ് നമ്പർ.28471 തിയതി 05.06.2020)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 113 | 82 | 0 | 31 | 72.56 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 27623526 | 20 | 15299018 | 55.38 |
| 2 | അസി. എഞ്ചിനിയർ | 51 | 25679474 | 27 | 16793345 | 65.39 |
| 3 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 4 | 7107895 | 4 | 6350089 | 89.33 |
| 4 | അസി.ഡയറക്ടർ കൃഷി | 5 | 12547600 | 5 | 8331794 | 66.40 |
| 5 | ക്ഷീര വികസന ഓഫീസർ | 2 | 2501880 | 2 | 1799454 | 71.92 |
| 6 | ശിശു വികസന പദ്ധതി ഓഫീസർ | 8 | 5394399 | 7 | 4523250 | 83.85 |
| 7 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 13 | 9957852 | 12 | 4411135 | 44.29 |
| 8 | പട്ടികജാതി വികസന ഓഫീസർ | 3 | 2178800 | 3 | 2079658 | 95.44 |
| 9 | പട്ടികവർഗ്ഗ വികസന ഓഫീസർ | 2 | 2600000 | 2 | 2450000 | 94.23 |
| | ആകെ | 113 | 95591426 | 82 | 62037743 | 64.89 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 255266 | 1471591 | 1726857 | 1609024 | 117833 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 255266 | 1471591 | 1726857 | 1609024 | 117833 |

1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2021 തീയതിയിൽ 3.50 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 9,570/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/10/2018 മുതൽ 03/11/2018 വരെ | 2013-14 മുതൽ 2017-18 | 24/12/2018 |
| പെർഫോർമൻസ് ഓഡിറ്റ് | 28-10-2019 മുതൽ 31-10-2019 വരെ | 2018-19 | 04/03/2021 |

1-9 ആഭ്യന്തരനിയന്ത്രണം

പൊതു നിയന്ത്രണം

(1) കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| തസ്തികയുടെ പേര് | അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം | നിലവിൽ ജീവനക്കാരുടെ എണ്ണം |
|---|---|---|
| സെക്രട്ടറി | 1 | 1 |
| ജോയിന്റ് ബി.ഡി.ഒ(ഇ.ജി.എസ്) | 1 | 1 |
| ജോയിന്റ് ബി.ഡി.ഒ(ആർ.എച്ച്) | 1 | 1 |
| ഹെഡ് ക്ലാർക്ക് | 1 | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 | 1 |
| സീനിയർ ക്ലർക്ക് | 2 | 2 |
| ക്ലർക്ക് | 1 | 1 |
| യു.ഡി.ടൈപ്പിസ്റ്റ്. | 1 | 1 |
| എക്സ്റ്റൻഷൻ ഓഫീസർ(പി &എം) | 1 | 1 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 |
| എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | 1 | 1 |
| ഡ്രൈവർ-സീനിയർ ഗ്രേഡ് | 1 | 1 |

| | | |
|---|---|---|
| ഓഫീസ് അറ്റന്റന്റ് | 2 | 2 |
| പി.ടി.എസ് | 1 | 1 |

ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള വിശദമായ ഓഫീസ് ഉത്തരവുകൾ ഉത്തരവ് നം.7/2018 തി.01-09-2018 എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇവയോടനുബന്ധിച്ച് തുടർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിൻെറ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനം ലഭിക്കുന്നതിനും സഹായകമായ വിധത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുപ്പിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിൻെറ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്.

(2) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഫയലുകളുടെ വിശദവിവരങ്ങളടങ്ങിയ പേഴ്സണൽ രജിസ്റ്ററുകൾ (ഈ ഓഫീസ്) മുഴുവൻ സെക്ഷനുകളും സൂക്ഷിക്കുന്നുണ്ട്. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ/ഫയലുകളിൽ കൃത്യമായി തീർപ്പു കൽപ്പിക്കുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിയുന്നുണ്ട്.

(3) പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ

അവസാനമായി പരാതിപ്പെട്ടി ഉറന്നത് 27.02.2018 നാണ്. നിശ്ചിത ഇടവേളകളിൽ പരാതിപ്പെട്ടി തുറക്കേണ്ടതും പരാതികൾ പരിശോധിക്കേണ്ടതുമാണ്. പരാതിപുസ്തകം സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഈ വിവരം പൊതു ജനങ്ങൾക്ക് കാണുന്ന വിധത്തിൽ നോട്ടീസ് ബോർഡ് സ്ഥാപിച്ചിട്ടില്ല.

(4) ഓഫീസ് യോഗങ്ങൾ

ഓഫീസ് മീറ്റിങ്ങ് – ജീവനക്കാരുടെ ജോലി പുരോഗതിയും ബ്ലോക്ക്പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2020-21 വർഷം 13.07.2020, 05.08.2020, 18.08.2020, 15.09.2020, 23.09.2020, 08.01.2021, 02.02.2021, 03.03.2021 എന്നീ തിയതികളിൽ മാത്രമാണ് ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുള്ളത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

(5)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ

ബ്ലോക്ക്പഞ്ചായത്തിന്റെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ കാലികമാക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

(6) ആസ്തികളുടെ പരിപാലനം

ബ്ലോക്ക്പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്റർ കാലികമാക്കിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(7) മറ്റ് പ്രസക്തമായവ

ബ്ലോക്ക്പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിങ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

1-10 ഡെപ്പോസിറ്റിനത്തിൽ ലഭിച്ച തുക വർഷങ്ങളായി നിലനിൽക്കുന്നു

വാർഷിക ധനകാര്യപത്രിക പ്രകാരം (B7) ഡെപ്പോസിറ്റ് ഇനത്തിൽ ചുവടെ പറയുന്ന തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം (കോഡ്) | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|---|
| 1 | കോൺട്രാക്റ്റേഴ്സ് ഇ.എം.ഡി (340100101) | 15250 | 15250 | 15250 | 15250 | 15250 | 15250 | 15250 |
| 2 | ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100203) | - | - | - | - | 500 | 500 | 500 |
| 3 | കോൺട്രാക്റ്റേഴ്സ് റീടേൻഷൻ (340100301) | 354984 | 246880 (354984 - 108104) | 39567 (246880-207313) | 34694 (39567-35810+ 39963) | 43720 (34694 + 9026) | 43720 | 43720 |
| 4 | വാടക ഡെപ്പോസിറ്റ് (340200101) | - | - | 18000 | 54000 (18000+ 36000) | 64500 (54000+ 10500) | 129000 (64500+ 64500) | 148500 (129000+25500-6000) |

ക്രമ നമ്പർ 1 ൽ ഉൾപ്പെട്ട തുക 2014-15 സാമ്പത്തിക വർഷം മുതൽ നിലനിക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്. ഇത്തരത്തിൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

മേൽ തുകകൾ സംബന്ധിച്ച വിശദാംശം, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ തുകകളുടെ വിശദാംശം തുടർ നടപടി വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-11 വാടക ഇനത്തിൽ ഈടാക്കാനുള്ള തുക സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിൽ ചുവടെ പറയുന്ന തുകകൾ ഈടാക്കാനുണ്ട്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | വാടക - തൻവർഷം | 74000 |
| 2 | വാടക - കുടിശ്ശിക | 38000 |
| | ആകെ | 112000 |

1) വാടക രജിസ്റ്ററിൽ 2020-21 സാമ്പത്തിക വർഷത്തെ ഡി.സി.ബി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) കുടിശ്ശിക സംബന്ധിച്ച വിശദാംശവും രജിസ്റ്ററിൽ ലഭ്യമല്ല.

3) വാടകക്കാരുമായി കരാർ ചമച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20-21, 28.12.2021 ന് മറുപടി ലഭിച്ചിട്ടില്ല.
മേൽ തുകകൾ സംബന്ധിച്ച വിശദാംശം, ഈടാക്കുവാനുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ്, തുകകൾ ഈടാക്കാൻ സ്വീകരിച്ച തുടർനടപടി വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 മുൻകൂർ തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക B18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ടൂർ ട്രാവൽ അഡ്വാൻസ് | 2000 |
| 2 | മറ്റ് അഡ്വാൻസുകൾ | 27075 |
| 3 | നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് | 46664 |
| 4 | മറ്റുള്ളവർക്കു നൽകിയ അഡ്വാൻസ് | 52354 |
| | ആകെ | 128093 |

മേൽ തുകകൾ സംബന്ധിച്ച വിശദാംശം (ആർക്ക് നൽകിയത്, തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം), അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ നൽകിയതിന്റെ വിശദാംശം, തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, ബന്ധപ്പെട്ട രജിസ്റ്റർ ഏന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-13 വയോജന സൗഹൃദ ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ പദ്ധതി - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | S0116/21 |
| പ്രോജക്ടിന്റെ പേര് | വയോജന സൗഹൃദ ലൈബ്രറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പദ്ധതി ഓഫീസർ |
| അടങ്കൽ | 1,50,000/- വികസന ഫണ്ട് ജനറൽ |
| ചെലവ് തുക | 1,43,500/- |
| ബിൽ റഫറൻസ് നമ്പർ/തീയ്യതി | 20200463008300332173/9.7.2020, Rs.1,00,000/-<br>20200463008300627365/16.10.2020, Rs.43,500/-<br>ആകെ = 1,43,500/- |

2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ. S0116/21 പ്രകാരം വയോജന സൗഹൃദ ലൈബ്രറി പദ്ധതിക്കായി കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 5 പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട 5 ലൈബ്രറികൾക്ക് 55 വീതം പുസ്തകങ്ങളും, ഓരോ സ്റ്റീൽ അലമാര വാങ്ങി ലഭ്യമാക്കുക വഴി വയോജനങ്ങൾക്ക് വന്നിരുന്ന് പുസ്തകങ്ങൾ വായിക്കുന്നതിന് ഒരിടം ഒരുക്കുക എന്നുള്ളതാണ് ഈ പ്രൊജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് ഗവൺമെന്റ് അംഗീകൃത ഏജൻസിയായ കേരള സംസ്ഥാന ബുക്ക് മാർക്ക് തിരുവനന്തപുരം (അക്കൗണ്ട് നം.35106107208) എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നമ്പർ. 741/തീയ്യതി 28.01.2020 പ്രകാരം 1,00,000/- രൂപയുടെ 275 പുസ്തകങ്ങളും, വിജയ് സ്റ്റീൽ ഇൻഡസ്ട്രീസ് കിഴക്കുംക്കര കാഞ്ഞങ്ങാട് (അക്കൗണ്ട് നം.74790200000158) എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 40 തീയ്യതി 29.09.2020 പ്രകാരം 43,500/- രൂപയുടെ 5 സ്റ്റീൽ അലമാരയും വാങ്ങി ചുവടെ ചേർത്തിട്ടുള്ള ലൈബ്രറികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | ലൈബ്രറിയുടെ പേര് |
|---|---|
| മടിക്കൈ ഗ്രാമ പഞ്ചായത്ത് | ടി.എസ്.തിരുമുമ്പ് സ്മാരക വായനശാല ചാളക്കടവ് |
| അജാനൂർ ഗ്രാമ പഞ്ചായത്ത് | ജോസഫ് മുണ്ടശ്ശേരി സ്മാരക വായനശാല പാടികാനം |
| പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് | കനവ് ഗ്രന്ഥാലയം,പൂക്കളം പെരിയ |

| | |
|---|---|
| പള്ളിക്കര ഗ്രാമ പഞ്ചായത്ത് | എ.എം.മുഹമ്മദ് സ്മാരക ഗ്രന്ഥാലയം ബംഗാട് പനയാൽ |
| ഉദുമ ഗ്രാമ പഞ്ചായത്ത് | മൈത്രി വായനശാല, പാറക്കടവ് |

ഈ പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1) പദ്ധതി മുഖേന ലഭിച്ച സ്റ്റീൽ അലമാര സ്റ്റോക്കിൽ എടുത്തതിന്റെ ഗ്രന്ഥശാല ഉപകരണ രജിസ്റ്റർ, പുസ്തകങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയത് പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ കനവ് ഗ്രന്ഥാലയം, പൂക്കളം പെരിയ മാത്രമാണ്. മറ്റുള്ള വായനശാലകൾ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ഈ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/28-12-2021 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് 29.12.2021 ന് ശിശുവികസന പദ്ധതി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ ബന്ധപ്പെട്ട വായനശാലകളെ വിവരം അറിയിച്ചിട്ടുണ്ടെന്നും, വായനശാലകൾ സ്റ്റോക്ക് രജിസ്റ്ററുകൾ എത്തിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും, മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് എന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,43,500/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-14 വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി- പട്ടികവർഗ്ഗം -2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1)പ്രൊജക്ട് നം.74/21

അടങ്കൽ - 14,21,400/-രൂപ – ടി.എസ്.പി

ചെലവ് - 14,21,400/-രൂപ

1.ബിൽ നം.02/2020-21/22.4.2020 – 3,50,000/-രൂപ

2.ബിൽ നം.04/2020-21/28.4.2020 – 1,50,000/-രൂപ

3.ബിൽ നം.15/2020-21/26.8.2020 – 6,00,000/-രൂപ

4.ബിൽ നം.25/2020-21/11.11.2020 – 75,000/-രൂപ

5.ബിൽ നം.42/2020-21/25.2.2021 – 42,539/-രൂപ

6.ബിൽ നം.46/2020-21/10.3.2021 – 1,23,526/-രൂപ

7.ബിൽ നം.76/2020-21/16.3.2021 – 75,000/-രൂപ

8.ബിൽ നം.78/2020-21/29.3.2021 – 5,335/-രൂപ

2)പ്രൊജക്ട് നം.128/21

അടങ്കൽ - 4,00,000/-രൂപ – ടി.എസ്.പി

ചെലവ് - 8623/-രൂപ

1.ബിൽ നം.79/2020-21/29.3.2021 – 364/-രൂപ

2.ബിൽ നം.84/2020-21/29.3.2021 – 5,595/-രൂപ

3.ബിൽ നം.85/2020-21/29.3.2021 – 2664/-രൂപ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാനുള്ള ഈ പദ്ധതി പ്രകാരം ആകെ 10 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. 2019-20 തുടങ്ങിയ ഈ പദ്ധതി സ്പിൽ ഓവർ ആയി 2020-21 ലും തുടർന്നു വരുന്നു. മേൽ സൂചന പോലെ 2 പദ്ധതികളിലായാണ് തുക നൽകിയിട്ടുള്ളത്. ആകെ 14,30,023/-രൂപ താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് | 2020-21 ൽ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | നാരായണി.സി.വി | പുല്ലൂർ-പെരിയ | 1,42,908.00 | പഠനമുറി പൂർത്തീകരിച്ചു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 2 | ലത.എസ് | പള്ളിക്കര | 1,30,699.00 | പഠനമുറി പൂർത്തീകരിച്ചു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 3 | രൂപേഷ്.കെ | പള്ളിക്കര | 1,25,000.00 | പഠനമുറി പൂർത്തീകരിച്ചിട്ടില്ല. |
| 4 | ഗിരിജ.കെ.സി | മടിക്കൈ | 1,56,549.00 | പഠനമുറി പൂർത്തീകരിച്ചു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 5 | രാമൻ.എച്ച് | പുല്ലൂർ-പെരിയ | 1,25,000.00 | പഠനമുറി പൂർത്തീകരിച്ചിട്ടില്ല. |
| 6 | സത്യൻ.കെ | പുല്ലൂർ-പെരിയ | 1,63,976.00 | പഠനമുറി പൂർത്തീകരിച്ചു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 7 | പൂമണി | മടിക്കൈ | 1,33,259.00 | പഠനമുറി പൂർത്തീകരിച്ചു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 8 | ബിന്ദു.പി | മടിക്കൈ | 1,32,594.00 | പഠനമുറി പൂർത്തീകരിച്ചു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 9 | വെള്ളേൻ | മടിക്കൈ | 1,59,945.00 | പഠനമുറി പൂർത്തീകരിച്ചു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 10 | ബിന്ദു.കെ | പുല്ലൂർ-പെരിയ | 1,60,093.00 | പഠനമുറി പൂർത്തീകരിച്ചു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| | ആകെ | | 14,30,023/-രൂപ | |

10 ഗുണഭോക്താക്കളിൽ രൂപേഷ്.കെ, S/o എം.കുഞ്ഞിരാമൻ, പള്ളിക്കര, രാമൻ.എച്ച് S/oമുരുഡ, പുല്ലൂർ എന്നീ 2 ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ട് 3.8.2021 ന് നം.സി/623/2021 പ്രകാരം 2 പേർക്കും കത്ത് അയച്ചിട്ടുണ്ട്. ഇവർക്ക് തുക നൽകുന്നതിന് 2021-22 വർഷത്തിൽ സ്പിൽ ഓവർ ആയി പദ്ധതി തുടരുന്നുണ്ട് എന്നും നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് 27.12.2021 ന് മറുപടി നൽകിയത്. അതിനാൽ ഇവർ നിർമ്മാണം പൂർത്തീകരിച്ചാൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പൂർത്തീകരിക്കാൻ തയ്യാറല്ലെങ്കിൽ ഇതുവരെ അനുവദിച്ച തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/27.12.2021)

## 1-15 സാമൂഹ്യസുരക്ഷാ മിഷന് വിഹിതം കൈമാറൽ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം. 03/21

അടങ്കൽ - 5,00,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 5,00,000/-രൂപ

ബിൽ നം.10/2020-21/16.6.2020 – 5,00,000/-രൂപ

സർക്കാർ ഉത്തരവ് (സാധാ) നം.1203/2013/തസ്വഭവ/തിയ്യതി-6.5.2013 പ്രകാരം സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം വകയിരുത്തിയത് 5,00,000/-രൂപയാണ്. സെക്രട്ടറിയുടെ നടപടിക്രമം നം. സി/922/20/തിയ്യതി 12.6.2020 പ്രകാരം തുക നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ബിൽ നം. 10/2020-21/16.6.2020 പ്രകാരം 5,00,000/-രൂപ സാമൂഹ്യസുരക്ഷാ മിഷൻ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.701011400000134. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 10/27.12.2021 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടതിന് 27.12.202 ന് മറുപടി നൽകിയിട്ടുണ്ട്. സാമൂഹ്യസുരക്ഷാ മിഷന് കത്ത് അയച്ചിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുമെന്നുമാണ് മറുപടി നൽകിയത്, അതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നതുവരെ ചെലവ് തുക 5,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-16 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സൂചന-1)ജി.ഒ(എം.എസ്)28/2017/സാംസ്കാരിക വകുപ്പ്/തിയ്യതി-10.10.2017

2)സർക്കുലർ നം.62/സി.ബി.2/18/തിയ്യതി-3.3.2018/തസ്വഭവ(സി.ബി)വകുപ്പ്

കേരളത്തിന്റെ സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും യുവാക്കളിലും കലാഭിമുഖ്യം ഉണർത്തുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആരംഭിച്ച നൂതന പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 394 കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകി സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച 75 ക്ലസ്റ്ററുകളിൽ വിന്യസിച്ച് ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന കമ്മ്യൂണിറ്റി ഹാളുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ എന്നിവിടങ്ങളിൽ വച്ച് കുട്ടികൾക്കും യുവാക്കൾക്കും കലാപരിശീലനം നൽകുന്നതാണ് പദ്ധതി.

ഈ പദ്ധതി പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 4 കലാകാരന്മാരെ വിന്യസിക്കുകയും അവർ 2019 ഏപ്രിൽ മാസം മുതൽ വിവിധ കലാവിഷയങ്ങളിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന അജാനൂർ, പള്ളിക്കര, പുല്ലൂർ-പെരിയ, മടിക്കൈ ഗ്രാമപഞ്ചായത്തുകളിലാണ് ഇവർ പരിശീലനം നൽകിയത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.കൃപ.കെ.വി - സംഗീതം

2.സൗജിത്.ടി.വി - പൂരക്കളി

3.ഉണ്ണികൃഷ്ണൻ.സി.എം- കഥകളി

4.സജിത്.കെ.വി - മറത്തുകളി

2020-21 വർഷത്തിൽ 2 പദ്ധതികളായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. വിവിധ മാസങ്ങളിൽ ക്ലസ്റ്റർ കൺവീനർ പരിശീലനം നൽകിയ തിയ്യതികൾ സംബന്ധമായ നൽകുന്ന പത്രിക, സാംസ്കാരിക വകുപ്പ് നൽകുന്ന സാക്ഷ്യപത്രം എന്നിവ അടിസ്ഥാനമാക്കിയാണ് തുക നൽകിയിട്ടുള്ളത്.

1)പ്രൊജക്ട് നം.07/21

1.അടങ്കൽ - 1,20,000/-രൂപ – പ്ലാൻ ജനറൽ - ചെലവ് - 1,20,000/-രൂപ

2.അടങ്കൽ - 1,20,000/-രൂപ – തനത് ഫണ്ട് - ചെലവ് - 60,000/-രൂപ

1.ബിൽ നം.17/2020-21/5.9.2020 – 60,000/-രൂപ

2.ബിൽ നം.32/2020-21/03.12.2020– 60,000/-രൂപ

3.ബിൽ നം.38/2020-21/04.3.2021– 60,000/-രൂപ

2020 ഏപ്രിൽ മാസം മുതൽ ഡിസംബർവരെ ആകെ 9 മാസം പരിശീലനം നൽകിയതിന് മേൽ ബില്ലുകൾ പ്രകാരം ഈ 4 കലാകാരന്മാർക്ക് പ്രതിമാസം 5000/-രൂപ വച്ച് 1,80,000/- രൂപ നൽകിയിട്ടുണ്ട്.

2)പ്രൊജക്ട് നം.84/21 (സ്പിൽ ഓവർ പദ്ധതി)

അടങ്കൽ - 60,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 60,000/-രൂപ

1.ബിൽ നം.05/2020-21/22.4.2020 – 20,000/-രൂപ

2.ബിൽ നം.13/2020-21/17.7.2020 – 40,000/-രൂപ

2020 ജനവരി മാസം മുതൽ മാർച്ച് വരെ ആകെ 3 മാസം പരിശീലനം നൽകിയതിന് മേൽ ബില്ലുകൾ പ്രകാരം ഈ 4 കലാകാരന്മാർക്ക് പ്രതിമാസം 5000/-രൂപ വച്ച് 60,000/- രൂപ നൽകിയിട്ടുണ്ട്.

സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ എ-5/2939/17/സാം.വ/തിയ്യതി - 23.7.2018 പ്രകാരമുള്ള ഈ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ടോ എന്നതിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ(iv)-ii-ജനപ്രതിനിധികളും ഉദ്യോഗസ്ഥ നേതൃത്വവും ചേർന്ന് പരിശീലന കേന്ദ്രങ്ങൾ നിർണ്ണയിച്ച് തിട്ടപ്പെടുത്തുകയും കൃത്യമായ സംയക്രമം നിശ്ചയിക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം.

2.ക്രമ നമ്പർ(iv)-iii- തെരെഞ്ഞെടുക്കപ്പെട്ട പരിശീലന കേന്ദ്രത്തിന് ഒരു ക്രമ നമ്പർ നൽകേണ്ടതും തിരിച്ചറിയാനായി പദ്ധതി ലോഗോ സഹിതം സൈൻ ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

3.ക്രമ നമ്പർ(iv)-iv- ഓരോ ക്ലസ്റ്ററിലും ഉൾപ്പെടുന്ന പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനായി പ്രസിഡന്റ്, അംഗങ്ങൾ, സാംസ്കാരിക പ്രവർത്തകർ, യുവകലാസമിതി പ്രവർത്തകർ എന്നിവരടങ്ങുന്ന സമിതി രൂപീകരിക്കണം.

4. ക്രമ നമ്പർ(iv)-vii- ഓരോ പരിശീലന കേന്ദ്രത്തിലും പഠിതാക്കളെ തെരെഞ്ഞെടുക്കുന്നതിന് അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, കലാസാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഫെല്ലോഷിപ്പ് കാലാകാരന്മാർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയവർ അടങ്ങുന്ന പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തിക്കണം.

5.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (V) – നിശ്ചിത ഇടവേളകളിൽ ജില്ലാ തലത്തിൽ ഫെല്ലോഷിപ്പ് കലാകാരന്മാരും പഠിതാക്കളും കലാവതരണം നടത്തണം.

6.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Vi) – കലാപരിശീലനത്തിനും അവതരണത്തിനും ആവശ്യമായ വാദ്യോപകരണങ്ങൾ, ചമയങ്ങൾ, ആടയാഭരണങ്ങൾ എന്നിവ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. ഇവ ലഭിച്ചിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

7.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Vii)- പദ്ധതിയുടെ ഏകോപനം, വിലയിരുത്തൽ എന്നിവയ്ക്ക് ജില്ലാ കോർഡിനേറ്റർമാരെ നിയമിക്കണം. പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രതിമാസ അവലോകന റിപ്പോർട്ട് ജില്ലാ കോർഡിനേറ്റർമാർ തയ്യാറാക്കണം.

മേൽ വിവരിച്ച സംഗതികളിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Viii)- പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ കൈവരിക്കുന്ന പുരോഗതി അവലോകനം, ഫെല്ലോഷിപ്പ് കാലാകാരന്മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, അവർ സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകളുടെ എണ്ണം, പഠിതാക്കളുടെ വിശദവിവരങ്ങൾ, ഹാജർ എന്നിവ സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.08/27.12.2021, നം.09/27.12.2021 എന്നിവ പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആവശ്യപ്പെട്ട രേഖകൾ മുഴുവൻ ഹാജരാക്കുന്നതു വരെ ചെലവ് തുക 2,40,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-17 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പെരിയ -പദ്ധതി ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പെരിയ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ സംബന്ധിച്ച യാതൊരു ചെലവ് രേഖകളോ വൗച്ചറുകളോ അനുബന്ധഫയലുകളോ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് പേര് | അടങ്കൽ MG(NR) | ചെലവ് | ബിൽ നം./തിയ്യതി |
|---|---|---|---|---|---|
| 1 | 16/21 | സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 15,60,083/- MG(NR) | 8,53,403/- | 1)23/2020-21 /12.2.21<br>2)25/2020-21 /26.2.21<br>3)27/2020-21 /23.2.21 |
| 2 | 39/21 | ലാബ് റീ-ഏജന്റ് വാങ്ങൽ | 2,00,000/- MG(NR) | 1,99,996/- | 1)21/2020-21 /12.2.21<br>2)30/2020-21 /24.3.21 |
| 3 | 40/21 | ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ | 8,00,000/- MG(NR) | 8,00,000/- | 1)22/2020-21 /12.2.21<br>2)28/2020-21 /23.3.21 |
| 4 | 62/21 | ലാബ് റീ-ഏജന്റ് വാങ്ങൽ സ്പിൽ ഓവർ | 88,778/- MG(NR) | 88,740/- | 1/2020-21 /17.4.20 |
| 5 | 63/21 | മരുന്ന് വാങ്ങൽ | 4,00,000/- MG(NR) | 3,86,511/- | 10/2020-21 /17.4.20 |
| 6 | 64/21 | സെക്കന്ററി വിദഗ്ദ്ധ സാന്ത്വന പരിചരണം- സ്പിൽ ഓവർ | 1)4,16,070/- Plan-gen.<br>2)2,00,000/- Dist.pt. | 6,15,470/- | 1)5/20-21 /17.4.20<br>2)3/20-21 /17.4.20<br>3)7/20-21 /17.4.20<br>4)8/20-21 /17.4.20<br>5)11/20-21 /12.6.20 |

| | | | | | |
|---|---|---|---|---|---|
| | | | | | 6)17/20-21 /23.9.20 |
| 7 | 65/21 | ദൈനംദിന ചെലവുകൾ | 1,43,186/- MG(NR) | 1,41,275/- | 1)4/20-21 /17.4.20 2)9/20-21 /17.4.20 |
| 8 | 66/21 | വൃദ്ധർ/ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ-സ്പിൽ ഓവർ | 2,59,835/- Plan Gen. | 2,59,700/- | 19/20-21 /11.1.21 |
| 9 | 68/21 | സി.എച്ച്.സി ലേക്ക് എക്സ്-റേ സ്റ്റബിലൈസർ, സി.സി.ടി.വി, അനുബന്ധ സൗകര്യങ്ങൾ | 15,683/- Plan Gen. | 15,653/- | 6/20-21 /17.4.20 |
| 10 | 76/21 | ഫോഗിംഗ് മെഷീൻ, സ്പ്രേയിംഗ് മെഷീൻ - സ്പിൽ ഓവർ | 1,40,000/- MG(NR) | 96,924/- | 2/20-21 /17.4.20 |
| | | | ആകെ | 34,57,672/- | |

ആകെ ചെലവഴിച്ച 34,57,672/-രൂപയുടെ ചെലവ് രേഖകൾ മുഴുവൻ ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.01/2020-21/തിയ്യതി 29.12.2021 നൽകിയിട്ടുണ്ട്. പക്ഷെ രേഖകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ 10 പദ്ധതികളിലായി ചെലവഴിച്ച 34,57,672/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്, അല്ലാത്തപക്ഷം ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യാഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-18 ഇ-ടെണ്ടർ- ബിഡ് സമർപ്പണഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

സ. ഉ(കൈ) നമ്പർ 232/2013/തസ്വഭവ. തീ 25-06-2013 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അഞ്ചുലക്ഷം രൂപയോ അതിനുമുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടിയുടെ ഭാഗമായി ക്രെഡിറ്റുചെയ്യുന്നത്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഇ ടെണ്ടർ ചെയ്യുമ്പോൾ ലഭിക്കേണ്ട ബിഡ് തുകകൾ 25-09-2019 മുതൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും തുക സെക്രട്ടറിക്ക് കൈമാറുന്നതാണെന്നും ഇത് സംബന്ധിച്ച് 24-12-2021 ന് നൽകിയ 7/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിന് മുമ്പുള്ള കാലത്തെ ഈയിനത്തിലുള്ള കുടിശ്ശികത്തുക ഇതേവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0012/21 |
| പ്രോജക്ടിന്റെ പേര് | മെറിറ്റോറിയൽ സ്കോളർഷിപ്പ് (എസ്.ടി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നീലേശ്വരം |
| അടങ്കൽ | 22,00,000/-രൂപ വികസന ഫണ്ട് (ടി.എസ്.പി) |

| | |
|---|---|
| ചെലവ് തുക | 22,00,000/-രൂപ |
| ബിൽ നമ്പർ, തീയതി | 01/20-21 തീയതി.18.02.2021 RS.4,20,000/-<br>02/20-21 തീയതി.18.02.2021 RS.5,00,000/-<br>03/20-21 തീയതി.18.02.2021 RS.5,00,000/-<br>04/20-21 തീയതി.18.02.2021 RS.70,000/-<br>05/20-21 തീയതി.27.02.2021 RS.4,90,000/-<br>06/20-21 തീയതി.27.02.2021 RS.1,40,000/-<br>07/20-21 തീയതി.27.02.2021 RS.80,000/-<br>ആകെ = 22,00,000/-രൂപ |

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രൊജക്ട് നമ്പർ. SOO12/21 പ്രകാരം വികസന ഫണ്ടിൽ (ടി.എസ്.പി) നിന്ന് 22,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 21.01.2021 തീയ്യതിയിലെ (1) 2-ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 5 ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ അംഗീകരിച്ച 102 വിദ്യാർത്ഥികൾക്ക് ആകെ 22,00,000/-രൂപ സ്കോളർഷിപ്പ് തുക വിതരണം ചെയ്തിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയപ്പോൾ താഴെകൊടുത്ത അപാകത ശ്രദ്ധയിൽപെടുകയുണ്ടായി.

1) നിലവിൽ ജില്ലാ പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസറിൽ നിന്നും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ആരും തന്നെ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18/28-12-2021 പ്രകാരം മേൽ അപാകത അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ പ്രസ്തുത സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 22,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-20 ക്ഷീര സമൃദ്ധി പദ്ധതി - തനത്ഫണ്ട് വിഹിതം ചെലവഴിച്ചിട്ടില്ല

2020-21 വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം ചെയ്ത ക്ഷീര സമൃദ്ധി പദ്ധതിക്ക് (പ്രൊ നം.51/2021) 23,00,000/-രൂപയാണ് അടങ്കൽ വച്ചിരുന്നത്- വികസനഫണ്ടിൽ നിന്നും 1597574 രൂപയും, തനത് ഫണ്ടിൽ നിന്നും 702426 രൂപയുമാണ് വകയിരുത്തിയിരുന്നത്. ഇതിൽ വികസന ഫണ്ട് വിഹിതം 2020-21 വർഷത്തിൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. തനത്ഫണ്ട് വിഹിതമായി ₹375857, റിക്വസിഷൻ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ചെക്ക് നം.187541 പ്രകാരം 26.03.2021 ന് നിർവഹണ ഉദ്യോഗസ്ഥന്റെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് (നം.720041400000086 @ സബ് ട്രഷറി ഹോസ്ദുർഗ്ഗ്) നൽകുകയാണുണ്ടായത്. ഇത് 30.03.2021 ന് അക്കൗണ്ടിൽ വന്നിട്ടുണ്ട്. എന്നാൽ ഈ തുക ഇതുവരെയും (3012/2021) ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. തുക വിതരണം ചെയ്ത് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി 375857/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 27,28 (തീയതി-30.12.2021)

1-21 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപെടാത്ത മേഖലകളിൽ പദ്ധതികൾ നടപ്പാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172(1)-ാം വകുപ്പ് പ്രകാരമുള്ള പട്ടിക 4 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായതും വിവിധ മേഖലാടിസ്ഥാനത്തിലുമുള്ള ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ഇപ്രകാരം വിഭജിച്ച് നൽകിയ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് ബ്ലോക്ക് പഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. മേൽ പരാമർശിച്ച നിയമത്തിലെ പട്ടിക 4 പ്രകാരം പൊതുമരാമത്ത് മേഖലയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക, കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവയാണ്. എന്നാൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപെടാത്തവയാണ്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പറും | പദ്ധതിക്കായി ചെലവഴിച്ചതുക | ബിൽ നം/തീയതി |
|---|---|---|---|
| 1 | മൗവ്വൽ പള്ളം മുത്താറിക്കണ്ടം ഫുട്പാത്ത് നിർമ്മാണം(പള്ളിക്കര ഗ്രാ.പ.) (പ്രൊജക്ട് നമ്പർ 23/2021). | 496507/- | Ch.no. 0187511/16.03.21 |
| 2 | പന്ന്യം വളപ്പ് ബാര അമ്പലം കാഞ്ഞിരത്തുംകാൽ മൂവംചാൽ നടപ്പാത നിർമ്മാണം (പ്രൊജക്ട് നമ്പർ 29/2021). | 580960 | BRN.20200463008601036600/4-2-2021 |
| 3 | പൂച്ചക്കാട് മസ്ജിദ് പെരിയറോഡ് കിഴക്കോട്ട് വയൽ നടപ്പാത നിർമ്മാണം(പള്ളിക്കര ഗ്രാ.പ.)(പ്രോജക്ട് നമ്പർ. 46/2021) | 347602 | BRN.20200463008601162578/26-2-2021 |
| 4 | ഉദുമ കണ്ണിക്കുളങ്ങര നടപ്പാത നിർമ്മാണം(ഉദുമ ഗ്രാ.പ.)(പ്രോജക്ട് നമ്പർ 55/2021) | 238672 | BRN.20200463008601414854/29-3-2021 |
| 5 | രാമഗിരി നടുവയൽ കോൺക്രീറ്റ് നടപ്പാത(അജാനൂർ ഗ്രാ.പ.)(പ്രോജക്ട് നമ്പർ 60/2021) | 710123 | Ch.no.0187512/16.03.21 |

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിട്ടുള്ളതാണ്. വരും വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാനസർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ച കൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടിയുമുള്ള പദ്ധതികൾമാത്രം ആവിഷ്കരിച്ച നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ

അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ |
|---|---|---|
| 1 | വേലേശ്വരം അള്ളംകോട് വാണിയമ്പാറ റോഡ് ടാറിംഗ്(പ്രോജക്ട് നം-102/21) | 61937 |
| 2 | ബട്ടത്തൂർ ഏച്ചിത്തറ റോഡ് ടാറിംഗ്(പ്രോജക്ട് നം-101/21) | 32,067 |
| 3 | ചാളക്കടവ് തലയത്ത് റോഡ് ടാറിംഗ്-മടിക്കൈ ഗ്രാ.പ.(പ്രോജക്ട് നം-104/21) | 53,899 |
| 4 | ബട്ടത്തൂർ-ബംഗാട് റോഡ് ടാറിംഗ്(പ്രോജക്ട് നം-100/21) | 62,956 |
| 5 | മലപ്പച്ചേരി കോട്ടക്കുന്ന് ഉമ്മിച്ചിറോഡ് ടാറിംഗ് (പ്രോജക്ട് നം-54/21) | 63,165 |
| 6 | ഞെക്ലി കോട്ടക്കുന്ന് പാലോടത്ത് കാനത്തുംതിട്ട കോളനി നടപ്പാത നിർമ്മാണം-ഉദുമ ഗ്രാ.പ. (പ്രോജക്ട് നം-28/21) | 39,085 |
| 7 | കരുവാക്കോട് മൊട്ട എസ്.ടി കോളനി വയൽ റോഡ് കോൺക്രീറ്റ്-പള്ളിക്കര (പ്രോജക്ട് നം-110/21) | 53,253 |
| 8 | പൂച്ചക്കാട് മസ്ജിദ് പെരിയറോഡ് കിഴക്കോട്ട് വയൽ നടപ്പാത നിർമ്മാണം (പ്രോജക്ട് നം-46/21) | 37,243 |
| 9 | പന്ന്യം വളപ്പ് ബാര അമ്പലം കാഞ്ഞിരത്തുംകാൽ മൂവംചാൽ നടപ്പാത നിർമ്മാണം)-ഉദുമ ഗ്രാ.പ.(പ്രോജക്ട് നം-0029/21) | 62,246 |
| 10 | ബങ്കളം പ്രീമെട്രിക് ഹോസ്റ്റലിൽ അധികസൗകര്യം ഒരുക്കൽ(പ്രോജക്ട് നം-0026/21) | 57,057 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2020-21 | 22-12-2021 മുതൽ 24-12-2021 വരെ | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ | 2020-21 | 4704000 | ലൈഫ് മിഷൻ പി.എം.എ.വൈ | 4704000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ഭവനപദ്ധതി 2020-21 പൊതുവിഭാഗം | | |
| പഞ്ചായത്ത് | 2020-21 | 200000 | സെക്കണ്ടറി വിദഗ്ധ സാന്ത്വന പരിചരണം | 100000 | 100000 |
| | 2020-21 | 200000 | സെക്കണ്ടറി വിദഗ്ധ സാന്ത്വന പരിചരണം | 200000 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി ഇനത്തിൽ 2020-21 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ. |
|---|---|---|---|---|---|
| അവലോകന റിപ്പോർട്ട് 2011-12 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും വിഷയാധിഷ്ഠിത അവലോകനം | 2012-13 | 5.3.5.1 & അനുബന്ധം 6,7,8 | മാതൃശിശുവാർഡ് പ്രവർത്തന രഹിതം | തടസം തുടരുന്നു |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം-ചെറുകിട വ്യവസായം | 2013-14 | 5.3.5(1) | ചെറുകിട/ പരമ്പരാഗത വ്യവസായങ്ങൾ | ബഹു ഗ്രാമവികസന കമ്മീഷണർക്ക് 10.08.2015-ലെ സി.692/815നം. കത്ത് അയച്ചിട്ടുണ്ട്. തീർപ്പ് കല്പിച്ച മറുപടി ലഭിച്ചിട്ടില്ല. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം-ചെറുകിട വ്യവസായം | 2013-14 | 5.3.5(2) | ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയായ വിധം ചെലവഴിക്കുന്നില്ല | |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം-ചെറുകിട വ്യവസായം | 2013-14 | 5.3.5(3) | ചകിരി വ്യവസായ യൂണിറ്റ് പരാജയം | |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം-ചെറുകിട വ്യവസായം | 2013-14 | 5.3.5(4) | അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | |
| 2016-17 | 3-10 | 2017-18 | 1-14 | ഗ്രാമീണ മാർക്കറ്റും പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായി തുടരുന്നു | നിലവിലുള്ള സ്ഥിതി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ മറുപടിയിന്മേൽ പരിശോധനറിപ്പോർട്ട് ഡയറക്ടറേറ്റിലേയ്ക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | അയച്ചിട്ടുണ്ട്. (ksa/ksd11/885/18 Dt.04.8.2018) |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68490878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75985348 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69,17,029 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| - | ഇല്ല | ഇല്ല | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,00,000 | ശ്രീമതി.സലില.എം ശിശുവികസന പദ്ധതി ഓഫീസർ |
| | 43,500 | ശ്രീമതി.ബേബി.പി ശിശുവികസന പദ്ധതി ഓഫീസർ |
| 1-15 | 5,00,000 | ശ്രീ.സോളമൻ, സെക്രട്ടറി |
| 1-16 | 2,40,000 | ശ്രീ.സോളമൻ, സെക്രട്ടറി |
| 1-17 | 34,57,672 | ഡോ.എ.ടി.രാജ് മോഹൻ മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 1-19 | 22,00,000 | ശ്രീ.ബാബു.എ<br>പട്ടികവർഗ്ഗ വികസന ഓഫീസർ |
| 1-20 | 3,75,857 | ശ്രീ.മനോഹരൻ.വി<br>ക്ഷീര വികസന ഓഫീസർ |
| ആകെ | 69,17,029 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/594/15(2) തീയ്യതി 16-09-15 | 4 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 6/594/15(3) തീയ്യതി 16-09-15 | 1 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 6/594/15(4) തീയ്യതി 16-09-15 | 4 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 6/594/15(5) തീയ്യതി 16-09-15 | 7 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 6/594/15(6) തീയ്യതി 16-09-15 | 3 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 6/594/15(7) തീയ്യതി 16-09-15 | 2 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 6/594/15(8) തീയ്യതി 16-09-15 | 5 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 6/594/15(9) തീയ്യതി 16-09-15 | 2 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/594/15(10) തീയ്യതി 16-09-15 | 2 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 6/594/15(11) തീയ്യതി 16-09-15 | 1 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/594/15(12) തീയ്യതി 16-09-15 | 2 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി 6/594/15(13) തീയ്യതി 16-09-15 | 5 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി 6/564/15 (14) തീയ്യതി 16-09-15 | 6 |
| 2010-11<br>To 2012-13 | എൽ.എഫ്.കെ.എസ്.ഡി 6/109/2015 തീയ്യതി 13-02-2015 | 6 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി 8/1030/2015 തീയ്യതി 05-11-15 | 8 |
| 2014-15 To<br>2015-16 | കെ.എസ്.എ.കെ.എസ്.ഡി 8/1031/2016 തീയ്യതി 14-10-16 | 16 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി 8/1145/2017 തീയ്യതി 14-11-17 | 11 |
| 2017-18 | കെ.എസ്.എ.കെ.എസ്.ഡി 8/172/2019തീയ്യതി 22-2-19 | 18 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി 8/160/2020തീയ്യതി 25-2-2020 | 28 |
| 2019-20 | കെ.എസ്.എ.കെ.എസ്.ഡി 8/932/2021 തീയ്യതി 29.01.2022 | 16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kanhangad Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 349000.00 |
| 140000000 | Fee & User Charges | I-4(b) | 3125.00 |
| 150000000 | Sale & Hire Charges | I-5(b) | 93764.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 64437591.00 |
| 171000000 | Interest Earned | I-8 | 943.00 |
| 180000000 | Other Income | I-9 | 84308.00 |
| | | Total Income | 64968731.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 1700433.00 |
| 220000000 | Administrative Expenses | I-11(b) | 518304.00 |
| 230000000 | Operations & Maintenance | I-12(b) | 396559.00 |
| 240000000 | Interest & Finance Charges | I-13 | 6143.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10342577.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32114530.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 9997966.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 149598.00 |
| 255000000 | Maintenance Projects | I-14(e) | 2249095.00 |
| 256000000 | Other Revenue Grants and Funds - | I-15(a) | 25000.00 |

| | | | |
|---|---|---|---|
| | Revenue Expenses | | |
| | Total Expenditure | | 57500205.00 |
| | Gross Surplus/ Deficit of income over Expenditure | | 7468526.00 |
| 280000000 | Prior Period Item | I-18 | -1591.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7470117.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kanhangad Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12216811.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 11000.00 |
| 140000000 | Fees & User Charges | RP-4 | 3125.00 |
| 150000000 | Sale & Hire Charges | RP-5 | 93764.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65473557.00 |
| 171000000 | Interest Earned | RP-9 | 943.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1686940.00 |
| 350000000 | Other Liabilities | RP-36 | 3814.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 84308.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 25500.00 |
| 350000000 | Other Liabilities | RP-36 | 2587.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 288000.00 |
| 460000000 | Loans, Advances and Deposits | RP-47 | 817340.00 |
| | Grand total | | 80707689.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1514633.00 |
| 220000000 | Administrative Expenses | RP-12 | 449241.00 |
| 230000000 | Operations & Maintenance | RP-13 | 374558.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 9607105.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 31581151.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1337990.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 149598.00 |
| 255000000 | Maintenance Projects | RP-20 | 2249095.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 25000.00 |
| 280000000 | Prior Period item | RP-26 | -1591.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 6143.00 |
| 340000000 | Deposits Received | RP-34 | 6450.00 |
| 350000000 | Other Liabilities | RP-36 | 1150.00 |
| 410000000 | Fixed Assets | RP-38 | 8836102.00 |
| 412000000 | Capital work in Progress | RP-40 | 11034091.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8152565.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 662067.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 4722341.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 80707689.00 |

## അനുബന്ധം 5
## ബാലൻസ് ഷീറ്റ്

| Kanhangad Block Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-03-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12164814.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 50358059.00 |
| | Total Reserve & Surplus | | 62522873.00 |
| | Grants, Contributions for Specific Purposes | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3721360.00 |
| | Total Grants, Contributions for Specific Purposes | | 3721360.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 209770.00 |
| 350000000 | Other Liabilities | B-9 | 75275.00 |
| | Total Current Liabilities and Provisions | | 285045.00 |
| | TOTAL LIABILITIES | | 66529278.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 70228184.00 |
| 411000000 | Accumulated Depreciation | B-11 | -16813905.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 53414279.00 |
| | Investments | | |
| | Current Assets, Loans and Advances | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 8264565.00 |
| 450000000 | Cash and Bank Balance | B-17 | 4722341.00 |
| 460000000 | Loans, Advances and Deposits | B-18 | 128093.00 |
| | Total Current Assets, Loans and Advances | | 13114999.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | 66529278.00 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.